"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - ഇ-മെഷർമെന്റ് ബുക്ക് നടപ്പാക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇഡബ്ല്യ.എ) വകുപ്പ്

G.O.(Rt) No.222/2021/LSGD | തീയതി, തിരുവനന്തപുരം, 27/01/2021

---

പരാമർശം:- തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 18.12.2020-ലെ ഡി.ബി1/10690/2020/സി.ഇ/എൽ.ഐ.ഡി & ഇ.ഡബ്ല്യ നമ്പർ കത്ത്.

<u>ഉത്തരവ്</u>

തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഇ-മെഷർമെന്റ് ബുക്ക് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് നടത്തിയ പഠനത്തിൽ, വകുപ്പിൽ ഇ.എം. ബുക്ക് നടപ്പിലാക്കുന്നതിലൂടെ ഉദ്യോഗസ്ഥരുടെ വിലയേറിയ സമയം കാര്യക്ഷമമായി ഉപയോഗിക്കാനും, പദ്ധതി നിർവ്വഹണം സമയബന്ധിതമായി പൂർത്തീകരിക്കാനും, കൂടാതെ സോഫ്റ്റ് വെയർ മുഖാന്തരം ആസ്തികൾ അപ്ഡേറ്റ് ചെയ്യുവാനും സാധിക്കുമെന്നും വ്യക്തമാക്കി യിട്ടുണ്ട് എന്ന് ചീഫ് എഞ്ചിനീയർ പരാമർശം കത്ത് പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി.

2. 14.08.2020-ലെ സ. ഉ. (സാധാ) നം.1516/2020/തസ്വഭവ ഉത്തരവ് പ്രകാരം എഞ്ചിനീയറിംഗ് വിംഗ് നവീകരണവുമായി ബന്ധപ്പെട്ട് ലഭ്യമായ 225 ലക്ഷം രൂപയിൽ ഇ.എം. ബുക്ക് നടപ്പിലാക്കാനാവശ്യമായ 495 ടാബ് ലെറ്റുകൾ വാങ്ങാൻ തുക വകയിരുത്തിയിട്ടുണ്ട്. ടാബ് ലെറ്റുകൾ വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. ഈ സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഈ വർഷം തന്നെ ഇ-മെഷർമെന്റ് ബുക്ക് നടപ്പിലാക്കുന്നതിനും, പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ തുടങ്ങി ടെണ്ടർ നടപടി ക്രമങ്ങൾ കരാർ ഉടമ്പടിയിൽ ഏർപ്പെടൽ, പ്രവൃത്തിയുടെ നിർവ്വഹണം, മെഷർമെന്റ്, ചെക്ക് മെഷർമെന്റ്, റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകരിക്കൽ, ബിൽ തയ്യാറാക്കി പാസ്സാക്കി ട്രഷറിയിലേക്ക് തുക അനുവദിക്കുന്നതിനായി സമർപ്പിക്കുന്നതുവരെയുള്ള എല്ലാ ഘട്ടങ്ങളിലും നിലവിലെ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി നടപടി ക്രമങ്ങൾ എല്ലാം പാലിച്ചു കൊണ്ട് പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങൾ സുതാര്യവും കാര്യക്ഷമവും ആക്കുന്നതിലേക്കായി സജ്ജമാക്കിയിട്ടുള്ള പ്രൈസ് സോഫ്റ്റ് വെയറിന്റെ പരിഷ്കരിച്ച പതിപ്പായ പ്രൈസ്-3 പൊതുമരാമത്ത് വകുപ്പിൽ നടപ്പിലാക്കുന്നതിനോടൊപ്പം തന്നെ തസ്വഭവ എഞ്ചി.വിഭാഗത്തിലും നടപ്പിലാക്കുന്നതിനുള്ള ഉത്തരവ് ഉണ്ടാകണമെന്നും ചീഫ് എഞ്ചിനീയർ അപേക്ഷിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തസ്വഭവ എഞ്ചി.വിഭാഗത്തിലെ പദ്ധതി പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനും, വകുപ്പിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും, അതൊടൊപ്പം സുതാര്യത ഉറപ്പു വരുത്തുന്നതിനും, പൊതുമരാമത്ത് വകുപ്പിനോടൊപ്പം തസ്വഭവ വകുപ്പിലും ഇ-മെഷർമെന്റ് ബുക്ക് നടപ്പിൽ വരുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. ആയതിനാൽ, ചീഫ് എഞ്ചിനീയർ ശുപാർശ ചെയ്തിരിക്കുന്ന പ്രകാരം തസ്വഭവ എഞ്ചി.വിഭാഗത്തിൽ പ്രൈസ് സോഫ്റ്റ് വെയർ (പ്രൈസ്-3) ഉൾപ്പെടുന്ന ഇ-മെഷർമെന്റ് ബുക്ക് നടപ്പിലാക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GOPAKUMAR U
UNDER SECRETARY

പകർപ്പ് :

1. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
3. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
4. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
5. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SREEKANTH G
Date: 2021.01.27 21:54:01 IST
Reason: Approved

സെക്ഷൻ ഓഫീസർ